**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1381** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>തൃക്കാക്കര മണ്ഡലത്തിലെ ആറാട്ടുകടവ്, ഇതിയൂർ എന്നിവിടങ്ങളിൽ ബോട്ട് സർവീസുകൾ പുനസ്ഥാപിക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഉമ തോമസ് ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** തൃക്കാക്കര നിയോജക മണ്ഡലത്തിലെ ആറാട്ടുകടവ്, ഇതിയൂർ ബോട്ട് ജെട്ടികളിൽ നിന്ന് നിലവിൽ യാത്രാ ബോട്ട് സർവീസുകൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്.

**(ബി)** കൊച്ചി വാട്ടർ മെട്രോ സർവീസ് ആരംഭിച്ചതിനെ തുടർന്ന് ഈ ജെട്ടികളിലൂടെ സർവീസ് നടത്തിയിരുന്ന സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവീസുകൾ നിർത്തലാക്കിയിട്ടുണ്ടോ;

**<u>മറുപടി:</u>** നിലവിൽ ടി മേഖലയിൽ വാട്ടർ മെട്രോയുടെ 5 ബോട്ട് സർവീസുകൾ ഉള്ളതിനാൽ സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവീസുകൾ റദ്ദ് ചെയ്തിട്ടുണ്ട്.

**(സി)** ഈ പ്രദേശങ്ങളിലെ ജനങ്ങളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി കൊച്ചി വാട്ടർ മെട്രോ സർവീസിന് ആറാട്ടുകടവ്, ഇതിയൂർ ജെട്ടികളിൽ സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ, പ്രസ്തുത ജെട്ടികളിൽ വാട്ടർ മെട്രോ സ്റ്റോപ്പ് അനുവദിക്കുന്നതിനോ മറ്റ് അനുയോജ്യമായ ജലഗതാഗത സർവീസുകൾ പുനഃസ്ഥാപിക്കുന്നതിനോ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** സർക്കാർ അംഗീകരിച്ച വിശദമായ പദ്ധതി റിപ്പോർട്ട് പ്രകാരം 38 ജെട്ടികൾക്കും 15 റൂട്ടുകൾക്കുമാണ് ഫണ്ട് അനുവദിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ ആറാട്ടുകടവ്, ഇതിയൂർ ജെട്ടികൾ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ നിലവിൽ ഇവിടേക്ക് സർവ്വീസ് നടത്തുന്നകാര്യം പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**